പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3265

11.05.2017 ൽ മറുപടിക്ക്

## ചവറ ഐ ആർ ഇ യുടെ മോണോസൈറ്റ് ശേഖരത്തിന്റെ ഉപയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ചവറ ഐ ആർ ഇ യുടെ ഗോഡൗണിലെ കോൺക്രീറ്റ് അറകളിലെ മോണോസൈറ്റ് ശേഖരത്തിലെ ഒരുലക്ഷം ടൺ ഇപ്പോൾ ഏതാവശ്യത്തിനാണ് ഉപയോഗിച്ച് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (എ) | ചവറ ഐ ആർ ഇ യുടെ പ്ലാന്റിൽ 25-30% മോണോസൈറ്റ് അടങ്ങിയ 40,000 ടൺ ധാതു മണലാണ് സംഭരിച്ചിട്ടുള്ളത്. ഐ.ആർ.ഇ.-യിൽ പുതുതായി കമ്മീഷൻ ചെയ്ത സമ്പുഷ്ടീകരണ പ്ലാന്റിൽ 96% വരെ മോണോസൈറ്റ് സമ്പുഷ്ടീകരണം നടത്താൻ ശേഷിയുണ്ട്. ഈ പ്ലാന്റിൽ സമ്പുഷ്ടീകരിച്ച ധാതുമണൽ തോറിയം നൈട്രേറ്റ്, ട്രൈ സോഡിയം ഫോസ്ഫേറ്റ്, ന്യൂക്ലിയർ ഗ്രേഡ് അമോണിയം ഡൈ യൂറനേറ്റ് എന്നീ ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ഒഡീഷയിലുള്ള ഐ.ആർ.ഇ - യുടെ പ്ലാന്റിലേക്ക കൊണ്ടു പോകുന്നുണ്ട്. |
| (ബി) കേന്ദ്ര സർക്കാരിന്റെ മിനറൽ ഡിവിഷൻ, മോണോസൈറ്റിൽ നിന്നും തോറിയം വേർതിരിക്കുന്നത് നിർത്തിയതാണ് ഈ സ്റ്റോക്ക് വരാൻ കാരണമെന്ന വിവരം സത്യമാണോ; ഇപ്പോൾ കോടികൾ വിലയുള്ള തോറിയം ഉദ്പാദിപ്പിക്കാനാണോ അതോ മറ്റെന്തെങ്കിലും ആവശ്യത്തിനാണോ മോണോ സൈറ്റ് ഉപയോഗിക്കുന്നത് എന്ന് വിശദമാക്കാമോ;<br>(സി) ചവറ ഐ ആർ ഇ യുടെ മോണോസൈറ്റ് ശേഖരം കടത്തികൊണ്ടു പോകാനാണ് ഇപ്പോൾ ഉപയോഗിച്ച് തുടങ്ങിയതെന്ന ആക്ഷേപം അന്വേഷിച്ച് റിപ്പോർട്ട് നൽകാമോ; | (ബി) & (സി) | ഐ ആർ ഇ യുടെ ആലുവ പ്ലാന്റിലെ മോണോസൈറ്റ് സംസ്കരണ യൂണിറ്റ് 10 വർഷമായി പ്രവർത്തിക്കാത്തതുകൊണ്ടാണ് മോണോസൈറ്റ് അടങ്ങിയ ധാതു മണൽ സ്റ്റോക്ക് വരാൻ കാരണം. ഐ.ആർ.ഇ- യുടെ തന്നെ ഒഡീഷയിലുള്ള പ്ലാന്റിൽ തോറിയം നൈട്രേറ്റ് അടക്കമുള്ള ഉത്പന്നങ്ങൾ നിർമിക്കുന്നതിനാണ് ഈ ധാതു മണൽ ഇപ്പോൾ ഉപയോഗിക്കുന്നത്. |
| (ഡി) കേരളത്തിൽ നിന്നുള്ള അനധികൃത മോണോസൈറ്റ് കടത്തൽ തടയാനും കരിമണൽ കടത്തു തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന പത്രവാർത്തകൾ വന്നതിനെ തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മൈനിംഗ് & ജിയോളജി ദക്ഷിണമേഖലാ മിനറൽ സ്ക്വാഡിനോട് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ |

കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തീരപ്രദേശത്ത് സ്ഥിരമായി പോലീസ് പിക്കറ്റ് നിലവില്ലുള്ളതാണ്, കൂടാതെ ഈ സ്ഥലത്ത് ഈ ആവശ്യത്തിലേക്ക് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28.12.2009 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1603/09/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും നിലവിലുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പ് ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനേയും നിയോഗി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ